# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/274/2016 | പത്രക്കുറിപ്പ് | 2016 **ഡിസംബർ 24**

**അപേക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം (ന്യൂ സ്കീം – 2015 അഡ്മിഷൻ – റഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 13 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 2017 ജനുവരി 3 വരെയും 50 രൂപാ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 6 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 30 രൂപയും (പരമാവധി 150 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 20 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 2017 ജനുവരി 3 വരെയും 50 രൂപാ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 9 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡിഗ്രി, പി.ജി പ്രൈവറ്റ് രജിസ്ട്രഷൻ**

ബി.എ, ബികോം, എം.എ, എ.കോം, എം.എസ്സി(മാത്സ്) ഡിഗ്രി കോഴ്സുകളിലേക്കുള്ള 2016 ലെ പ്രൈവറ്റ് രജിസ്ട്രേഷൻ അപേക്ഷകൾ 1000 രൂപ പിഴയോടെ ഡിസംബർ 30 വരെ സ്വീകരിക്കും.

**പരീക്ഷാ ഫലം**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ബോട്ടണി (നോൺ സി.എസ്.എസ് സപ്ലിമെന്ററി)ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 4 വരെ സ്വീകരിക്കും.

**കോപ്പി ഹോൾഡർ തസ്തിക ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രതിമാസം 20000/- രൂപ പ്രതിഫലത്തിൽ കരാർ അടിസ്ഥാനത്തിൽ കോപ്പി ഹോൾഡർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. എസ്.എസ്.എൽ.സി, പ്രൂഫ് റീഡിംഗ് (ലോവർ) എം.ജി.റ്റി.എ/കെ.ജി.റ്റി.എ, 18 മാസത്തെ പ്രവർത്തി പരിചയം എന്നിവ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18–36.( നിയമാനുസൃത വയസ്സിളവ് അനുവദിക്കുന്നതാണ്). താത്പര്യമുള്ളവർ ബയോഡേറ്റയും സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം – 686560 എന്ന വിലാസത്തിൽ 2017 ജനു: 20 ന് 5 മണിക്കു മുൻപായി അപേക്ഷ സമർപ്പിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**